നം.ക്യൂഐപി(1)/37637/2019/ഡിജിഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 23.01.2020

# സർക്കുലർ

വിഷയം:- 'നൈതികം' - ഭരണഘടനാ വാർഷികാചരണം - നടത്തിപ്പ് - സംബന്ധിച്ച്:-

സൂചന:- 14/01/2019 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

'നൈതികം' പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം നൽകിയ നിർദ്ദേശങ്ങൾക്കുപുറമെ താഴെ പറയുന്ന കാര്യങ്ങൾ കൂടി സ്കൂളുകളിൽ നടപ്പാക്കേണ്ടതാണ്.

1. 2020 ജനുവരി 26 ന് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ദേശീയ പതാക ഉയർത്തുകയും, സ്കൂളുകൾക്ക് നേരത്തെ അയച്ചു തന്നിട്ടുള്ള ഇൻഡ്യൻ ഭരണഘടനയുടെ ആമുഖം സ്കൂൾ ലീഡർ വായിച്ച് കൊടുക്കുകയും, പങ്കെടുക്കുന്നവർ ഏറ്റു പറയുകയും ചെയ്യേണ്ടതാണ്.

2. ജനുവരി 27-ാം തീയതി സ്കൂൾ അസംബ്ലിയിൽ ഭരണഘടനയുടെ ആമുഖം വായിക്കുകയും, കുട്ടികൾ ഏറ്റുപറയുകയും ചെയ്യേണ്ടതാണ്. നൈതികത്തിന്റെ ഭാഗമായി നടത്തിയ സ്കൂൾതല മത്സര വിജയികളെയും, മാതൃകാ സ്കൂൾ ഭരണഘടനാ നിർമ്മാണത്തിൽ പങ്കെടുത്ത പ്രധാന വിദ്യാർത്ഥികളെയും അനുമോദിക്കേണ്ടതാണ്.

3. ജനുവരി 28, 29 തീയതികളിൽ ഭരണഘടനയുടെ ആമുഖം അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് വിശദീകരിച്ച് കൊടുക്കുന്നതോടൊപ്പം ചർച്ചകളും, സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.

4. നൈതികത്തിന്റെ ഭാഗമായി ജനുവരി 30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകുന്ന സന്ദേശം എല്ലാ കുട്ടികളെയും കാണിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രഥമാദ്ധ്യാപകർ സ്കൂളുകളിൽ നടത്തേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഹയർ സെക്കന്ററി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)